**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

**നമ്പർ: 157/2025**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തുപട്ടക്കാർക്കും, പള്ളികൈസ്ഥാനികൾക്കും, സഭാസ്ഥാപനങ്ങളുടെയും ആശ്രമങ്ങളുടെയും പ്രധാന ചുമതലക്കാർക്കും ശേഷം വിശ്വാസികൾക്കും വാഴ്വ്!

പ്രിയരെ,

നമ്മുടെ സംസ്ഥാനത്ത് സർക്കാരിന്റെ ചുമതലയിൽ വസ്തുക്കളുടെ ഡിജിറ്റൽ സർവ്വെ നടക്കുകയാണല്ലോ. ഈ സാഹചര്യത്തിൽ ഇപ്പോൾ സർവ്വേ നടക്കുന്ന സ്ഥലങ്ങളിലുള്ള നമ്മുടെ ദേവാലയങ്ങൾ അവരവരുടെ കൈവശമുള്ള വസ്തുക്കൾ സർവ്വെയിൽ ഉൾപ്പെട്ടുവരുന്നുണ്ടെന്നും ഇടവകകൾ, ആശ്രമങ്ങൾ, സഭവക സ്ഥാപനങ്ങൾ എന്നിവയുടെ കൈവശമുള്ള വസ്തുക്കളുടെ റവന്യൂ രേഖകൾ കൃത്യമാണെന്നും ഉറപ്പുവരുത്തണം. സർവ്വേ റിക്കാർഡിൽ പിശകുകൾ ഉണ്ടായാൽ അത് ഭാവിയിൽ പ്രശ്നങ്ങൾ ഉണ്ടാക്കിയേക്കാം. അതിനാൽ ഇക്കാര്യത്തിൽ നാം ഏറെ ജാഗ്രത പുലർത്തണം.

നമ്മുടെ കൈവശമുള്ള എല്ലാ വസ്തുക്കൾക്കും കരം ഒടുക്കുന്നുണ്ടോയെന്ന് പരിശോധിക്കുകയും ഏതെങ്കിലും കാരണവശാൽ കരം ഒടുക്കുന്നില്ലെങ്കിൽ, കാരണം കണ്ടെത്തി പരിഹാര നടപടികൾ സ്വീകരിക്കുകയും വേണം. വിവരങ്ങൾ ക്രോഡീകരിക്കുന്നതിനും സഭാകേന്ദ്രത്തിൽ നിന്ന് ആവശ്യമായ സഹായങ്ങൾ നൽകുന്നതിനും ഇടവകകൾ/ആശ്രമങ്ങൾ/സഭവക സ്ഥാപനങ്ങൾ എന്നിവ അവരുടെ വസ്തുക്കളുടെ ആധാരത്തിന്റെ പകർപ്പ് താഴെ പറയുന്ന ലിങ്കിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഇത് സംബന്ധിച്ച് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ വസ്തു സംരക്ഷണ സമിതിയുടെ സഹകരണത്തോടെ നമ്മുടെ എസ്റ്റേറ്റ് മാനേജർ റ്റി. സി. ബാബുക്കുട്ടിയും കാതോലിക്കേറ്റ് ഓഫീസും നൽകുന്നതാണ്. ലിങ്ക് ചുവടെ ചേർക്കുന്നു.
https://forms.gle/CCAuFtpsaZGPABkQ8

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.........................

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2025 ജൂൺ മാസം 17-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്നും.